അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയത് ഗവണ്മെന്റ് പരിശോധിച്ചുവരികയുമാണ്.

(ഡി) ദർശനത്തിന് വരുന്ന ഭക്തജനങ്ങൾക്ക് മുഴുവൻ ദേവസ്വം ബോർഡ് ഭക്ഷണം നൽകുക പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. പമ്പയിലും ശബരിമലയിലും പല സന്നദ്ധ സംഘടനകളും സൗജന്യഭക്ഷണം നൽകുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

തേനീച്ച വ്യവസായം പുനർജീവിപ്പിക്കുന്നതിന് നടപടി

71 (366)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന തേനീച്ച വ്യവസായത്തെ പുനർജീവിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് തേനീച്ച കർഷകർ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവരുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസഹായത്തോടെ ഒരു പദ്ധതി 94-95, 95-96, 96-97 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 97-98 വർഷം തുടങ്ങി, കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ധനസഹായം നേരിട്ട് തേനീച്ച വളർത്തൽ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

(സി) കർഷകരുടെ നിവേദനങ്ങളൊന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

72 (375)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആയി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ സംവിധാനം എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ കൗൺസിലിന്റെ ആസ്ഥാനം എവിടെയാണ്; കൗൺസിൽ രൂപീകൃതമാവുമ്പോൾ ഇപ്പോൾ കെ.എച്ച്.ഡി.പി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കൗൺസിലിന്റെ കീഴിൽ കൊണ്ടുവരുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൗൺസിലിന്റെ ഭരണസമിതിയുടെ ഘടന, ഭരണസംവിധാനം എന്നിവ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എച്ച്.ഡിപി.യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴയിലെ പഴം സംസ്കരണ ഫാക്ടറി കൗൺസിലിന്റെ കീഴിൽ വരുമോ;

(ഇ) കൗൺസിൽ കർഷകരുടെ പ്രാതിനിധ്യം എപ്രകാരം ആയിരിക്കും; സർക്കാരിന് എത്ര ശതമാനം ഓഹരി ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്ന നിർദ്ദിഷ്ട കമ്പനിയുടെ ഭരണഘടനയും നിയമാവലിയും 2.6.2000 ലെ ജി.ഒ. (എം.എസ്.) 189/2000/കൃഷി എന്ന ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചു. കമ്പനി നിയമം അനുസരിച്ച് കൗൺസിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു.

(ബി) കൗൺസിലിന്റെ ആസ്ഥാനം എറണാകുളം ജില്ലയിലായിരിക്കും. പ്രോഗ്രാമിൽ ഇപ്പോൾ ജോലി ചെയ്തുവരുന്നവരിൽ ഭൂരിഭാഗം പേർക്കും കൗൺസിലിലെ വിവിധ തസ്തികകളിൽ അപേക്ഷിക്കാൻ അർഹതയുണ്ടാകും. ഇവരെ തന്നെ തിരഞ്ഞെടുക്കണമോ എന്ന് തീരുമാനിക്കേണ്ടത് കൗൺസിലാണ്. കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയാൽ മാത്രമേ കൂടുതൽ എന്തെങ്കിലും ഇക്കാര്യത്തിൽ പറയാൻ കഴിയുകയുള്ളൂ.

(സി) കമ്പനി നിയമപ്രകാരം രൂപീകരിക്കുന്ന ഒരു കമ്പനിയായിരിക്കും ഈ കൗൺസിൽ. എന്നാൽ ലാഭേച്ഛയില്ലാതെ പൊതുതാൽപ്പര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ഒരു ക്ളിപ്തം കമ്പനിയായി ഈ കൗൺസിൽ അറിയപ്പെടില്ല. കമ്പനിയുടെ ഭരണഘടന (ആർട്ടിക്കിൾസ്) പ്രകാരം കൗൺസിലിന്റെ അദ്ധ്യക്ഷൻ (ചെയർപേഴ്സൺ) സംസ്ഥാന കൃഷി വകുപ്പ്മന്ത്രിയായിരിക്കും. പരമാവധി പതിനൊന്ന് അംഗങ്ങളുള്ള ഒരു ഡയറക്ടർ ബോർഡ് ആയിരിക്കും കൗൺസിലിന്റെ ഭരണം നിർവഹിക്കുന്നത്. ബോർഡിന്റെ ഘടന താഴെപറയും പ്രകാരമാണ്.

അദ്ധ്യക്ഷൻ (ചെയർപേഴ്സൺ)	സംസ്ഥാനകൃഷിവകുപ്പു മന്ത്രി
സംസ്ഥാന സർക്കാർ നിയമിക്കുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (മാനേജിംഗ് ഡയറക്ടർക്ക് തുല്യം)	1
-ടി- നോമിനി ഡയറക്ടർമാർ	2
പഴം പച്ചക്കറി കൃഷിക്കാരുടെ സ്വാശ്രയസംഘങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ (ഇതിൽ ഒന്ന് വനിതയായിരിക്കും)	4
പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ നോമിനി	1
പഴം-പച്ചക്കറിരംഗത്ത് പ്രവർത്തിക്കുന്ന ഒരു ദേശീയ ഏജൻസിയുടെ നോമിനി	1
യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ നോമിനി	1

1178/2010.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം	11

ഇവരിൽ അദ്ധ്യക്ഷനും പ്രോഗ്രാം ഡയറക്ടറും മറ്റു രണ്ടു സർക്കാർ നോമിനികളും ആയിരിക്കും ആദ്യത്തെ ഡയറക്ടർമാർ. ബോർഡിന്റെ മേൽനോട്ടത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കും കൗൺസിലിന്റെ ദൈനംദിന ഭരണം നടത്തുന്നത്.

(ഡി) ഇല്ല. എന്നാൽ പഴസംസ്കരണ ഫാക്ടറിക്ക് കൗൺസിലിൽ നിന്നുള്ള സാങ്കേതിക സഹായവും വായ്പാ സഹായവും ഉണ്ടാകും.

(ഇ) കൗൺസിലിന്റെ അംഗീകൃത മൂലധനം 1 കോടി രൂപ (1000 രൂപ വീതമുള്ള 10,000 ഇക്വിറ്റി ഓഹരികൾ അടങ്ങിയത്) ആണ്. ഓഹരികൾ നൽകുന്നത് അപ്രകാരമായിരിക്കും.

1.	പഴം-പച്ചക്കറി കൃഷിക്കാരുടെ സ്വാശ്രയ സംഘങ്ങളുടെ പ്രതിനിധികൾക്ക്	50%ത്തിൽ കുറയാതെ
2.	കേരള സർക്കാർ	30%ത്തിൽ കൂടാതെ
3.	ബാങ്കുകൾ, ട്രേഡ് അസോസിയേഷനുകൾ, മാർക്കറ്റിംഗ് ഏജൻസികൾ (കൗൺസിലിന്റെ പ്രവർത്തനത്തോടു ബന്ധപ്പെട്ടവ മാത്രം) ഇവർക്ക് കൗൺസിലിന്റെ ജനറൽ ബോഡി യോഗത്തിൽ ഓരോ പ്രതിനിധികളെ അയയ്ക്കാം	20% ൽ കൂടാതെ
	ആകെ	100%

മേൽപ്പറഞ്ഞവയിൽ 1, 3 എന്നീ വിഭാഗങ്ങളിൽപ്പെട്ട ഒരൊറ്റ അംഗം കൗൺസിലിന്റെ മൊത്തം അടച്ചുതീർത്ത മൂലധനത്തിന്റെ ഒരു ശതമാനത്തിൽ കൂടുതൽ വഹിക്കാൻ പാടില്ല.

നാളികേരകർഷകരുടെ പ്രശ്നങ്ങൾ

73 (376)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം മൂലവും രോഗബാധമൂലവും കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സഹായിക്കുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) ഇവർക്ക് നേരിട്ട് കൃഷിനാശത്തിന് പ്രത്യേകസഹായപദ്ധതി എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരകർഷകരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ഡരി കീടനാശ നിയന്ത്രണാധീനമാക്കുവാൻ സാമൂഹ്യാടിസ്ഥാനത്തിൽ മരുന്നുതളി നടത്തുവാൻ തെങ്ങൊന്നിന് 6 രൂപ (മരുന്നിന്റെയും

LIBRARY ARCHIVES Kerala Legislative Assembly